# KERALA STATE POLLUTION CONTROL BOARD
## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

Pattom P.O., Thiruvananthapuram 695 004,(പട്ടം പി.ഒ., തിരുവനന്തപുരം - 695 004)
General: 0471- 2312910, 2318153,2318154, 2318155 Chairman: 2318150
Member Secretary: 2318151, e-mail: e-mail: keralapcb@asianetindia.com
FAX: 2318152, web: www.keralapcb.org


പി.സി.ബി/എച്ച്.ഒ./കെ.കെ.ഡി -എം.എൽ.പി.എം/ പി.എച്ച്/എൻ.എച്ച്.എ.ഐ/2011 തീയതി, 09.11.2011

## അറിയിപ്പ്

(കേന്ദ്ര പരിസ്ഥിതി വനംവകുപ്പ് മന്ത്രാലയത്തിന്റെ 14.09.2006-ലെ നമ്പർ എസ്.ഒ. 1533 വിജ്ഞാപനവും 01.12.2009 ലെ എസ്.ഒ. 3067 (ഇ) നമ്പർ ഭേദഗതിയും പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്)

നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ (എൻ.എച്ച്.എ.ഐ) കോഴിക്കോടുള്ള വെങ്ങളം (230 കി.മീ) മുതൽ മലപ്പുറത്തുള്ള കുറ്റിപ്പുറം (318 കി.മീ) വരെ നടത്താനുദ്ദേശിക്കുന്ന ദേശീയപാത (എൻ.എച്ച്-17) വികസനപരിപാടിക്ക് (പാക്കേജ് നം. എൻ.എച്ച് ഡിപി -111/ ഡിഎൽ 5/13) കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരമുള്ള അനുമതിയ്ക്ക് അപേക്ഷിച്ചിരിക്കുന്നു. ഇതിനായി ബോർഡ് കോഴിക്കോട്, മലപ്പുറം ജില്ലകളിൽ വെച്ച് പബ്ളിക് ഹിയറിംഗ് നടത്തുന്നതാണ്. പ്രസ്തുത പദ്ധതിയെയും പബ്ളിക് ഹിയറിംഗിനെയും സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| | |
|---|---|
| അപേക്ഷകൻ | പ്രോജക്ട് ഡയറക്ടർ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ നം. 2/2175 -ബി, കൃഷ്ണകൃപ, ഐശ്വര്യ റോഡ് , സിവിൽ സ്റ്റേഷൻ പി.ഒ., കോഴിക്കോട് |
| പദ്ധതി പ്രദേശം | എൻ.എച്ച് 17 -ന്റെ വെങ്ങളം 230 കി.മീ. മുതൽ കുറ്റിപ്പുറം 318 കി.മീ. വരെ |
| കൺസൾട്ടന്റ് | ഇന്റർ കോൺടിനെന്റൽ കൺസൾട്ടന്റ്സ് ആന്റ് ടെക്നോക്രാറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ഡൽഹി |
| പദ്ധതി മൂലധനം | 1145.58 കോടി രൂപ |
| മുഖ്യ പ്രവർത്തങ്ങൾ | നിലവിലുള്ള 2 വരി പാത 4/6 വരിയാക്കി വികസിപ്പിക്കൽ |
| പരിസ്ഥിതി പ്രശ്നങ്ങളും മലിനീകരണ സാദ്ധ്യതകളും | ജലം, വായു, ശബ്ദ മലിനീകരണ പ്രശ്നങ്ങളും മറ്റു പരിസ്ഥിതിക പ്രശ്നങ്ങളും |
| പബ്ളിക് ഹിയറിംഗിന്റെ തീയതി, സമയം, സ്ഥലം | 1. 19.12.2011 പകൽ 11.00 മണി, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോഴിക്കോട്<br>2. 20.12.2011 പകൽ 11.00 മണി, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, മലപ്പുറം. |

ഈ പദ്ധതി സംബന്ധിച്ച വിവരങ്ങൾ താഴെ പറയുന്ന ഓഫീസുകളിൽ പരിശോധനയ്ക്ക് ലഭ്യമാണ്.

1. ജില്ലാ കളക്ടറുടെ ഓഫീസ്, കോഴിക്കോട് & മലപ്പുറം
2. ജില്ലാ വ്യവസായ കേന്ദ്രം, കോഴിക്കോട് & മലപ്പുറം
3. കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി, അത്തോളി, തലക്കളത്തൂർ, ഒളവണ്ണ, വാഴയൂർ, രാമനാട്ടുകര, മലപ്പുറം ജില്ലയിലെ ചേലമ്പ്ര, പള്ളിക്കൽ, തേഞ്ഞിപ്പാലം, മുന്നിയൂർ, ഏ. ആർ. നഗർ, വേങ്ങര, തിരൂരങ്ങാടി, തെന്നല, പെരുമണ്ണ ക്ലാരി, എടരിക്കോട്, മറക്കര, കൽപകഞ്ചേരി, അതവനാട്, വളാഞ്ചേരി, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത് ഓഫീസുകൾ.
4. മുനിസിപ്പാലിറ്റി ഓഫീസ്, കോട്ടയ്ക്കൽ, മലപ്പുറം
5. കോർപ്പറേഷൻ ഓഫീസ്, കോഴിക്കോട്
6. സയൻസ് ടെക്നോളജി ആന്റ് എൻവയൺമെന്റ് ഡിപ്പാർട്ട്മെന്റ്, ശാസ്ത്രഭവൻ , പട്ടം, തിരുവനന്തപുരം
7. ജില്ലാ ഓഫീസ്, കേരള സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ്, പെരിന്തൽമണ്ണ റോഡ്, മലപ്പുറം
8. ജില്ലാ ഓഫീസ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, കോഴിക്കോട്.
9. ഹെഡ് ഓഫീസ് കേരള സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം-695 004

ഈ പദ്ധതി സംബന്ധിച്ചുള്ള പരിസ്ഥിതി കാര്യങ്ങളിൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങൾ ഈ അറിയിപ്പിന്റെ പ്രസിദ്ധീകരണ തീയതി മുതൽ 30 ദിവസത്തിനകം

ശ്രീമതി. എസ്. ആശാദേവി, എൻവയൺമെന്റൽ എഞ്ചിനീയർ കേരള സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ്, പ്ലാമൂട്, പട്ടം. പി.ഒ.., തിരുവനന്തപുരം (ഫോൺ: 9447975711/ ഇ-മെയിൽ: ashadevipcb@gmail.com)എന്ന വിലാസത്തിൽ എഴുതി അറിയിക്കാവുന്നതാണ്.

കൂടാതെ പൊതുജനങ്ങൾക്ക് അവരുടെ അഭിപ്രായങ്ങൾ നേരിട്ട് വാക്കാലോ, രേഖാമൂലമോ, പബ്ളിക് ഹിയറിംഗ് സമയത്ത് അവതരിപ്പിക്കാവുന്നതാണ്.

**കേരള സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡിനുവേണ്ടി**

(ഒപ്പ്)
പി. മോളിക്കുട്ടി
മെമ്പർ സെക്രട്ടറി